# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 1

# വാർത്താക്കുറിപ്പ് - 3

---

## ഇന്റർവ്യൂ 7 ന്

എം.ജി. സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് (ഐ.യു.സി.ഡി.എസ്.) ആരംഭിക്കുന്ന ബി.എഡ് സ്പെഷൽ എജ്യൂക്കേഷൻ (ഹിയറിംഗ് ഇംപയർമെന്റ്), ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസോർഡർ) പ്രോഗ്രാമുകളിൽ ക്ലാസുകളെടുക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നു. താല്പര്യമുള്ളവർ അസൽ രേഖകളുമായി ഒക്ടോബർ ഏഴിന് രാവിലെ 11ന് പഠനവകുപ്പ് ഓഫീസിലെത്തണം. ആർ.സി.ഐ., യു.ജി.സി. മാനദണ്ഡമനുസരിച്ചുള്ള യോഗ്യതയുള്ളവർ ബയോഡാറ്റ iucdsmgu@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ഒക്ടോബർ അഞ്ചിനകം അപേക്ഷിക്കണം. ഒക്ടോബർ നാലിന് നടത്താനിരുന്ന ഇന്റർവ്യൂ ആണ് ഒക്ടോബർ ഏഴിലേക്ക് മാറ്റിയിരിക്കുന്നത്.

(പി.ആർ.ഒ/39/1015/2021)

## ഗാന്ധിജയന്തി വാരാഘോഷം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിലുള്ള ഗാന്ധിജയന്തി വാരാഘോഷം ഇന്ന് (ഒക്ടോബർ 2) രാവിലെ 9ന് ഓൺലൈനായി സംഘടിപ്പിച്ചിട്ടുള്ള പരിപാടിയിൽ പ്രോ വൈസ് ചാൻസലർ ഡോ. സി.റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗം അഡ്വ. റജി സക്കറിയ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സണ്ണി പൈകട, പ്രൊഫ. അനന്തകുമാർ ഗിരി, ഡോ. ഷൈല അബ്രഹാം, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ബിജു ലക്ഷ്മണൻ തുടങ്ങിയവർ പങ്കെടുക്കും. പാമ്പാടി കെ.ജി. കോളേജുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നത് സംബന്ധിച്ചുള്ള ഒരു ക്ലാസും പരിപാടിയുടെ ഭാഗമായി നടക്കും. ഒക്ടോബർ മൂന്ന്, നാല്, അഞ്ച്, എട്ട് തീയതികളിലും വാരാഘോഷത്തിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(പി.ആർ.ഒ/39/1016/2021)


**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ